മലിനീകരണ പ്രശ്നങ്ങളെപ്പററി സർക്കാർ ചിന്തിക്കാറില്ല. സ്മോക്ക് ന്യൂയിസൻസ് ഡിപ്പാർട്ടുമെൻറുമായി ആലോചിക്കാതെയാണത്രേ ഹാൽദിയ പ്രദേശത്തു താഴെ പറയുന്ന കമ്പനികൾക്കു ഫാക്ടറികൾ തുടങ്ങാൻ സർക്കാർ ലൈസൻസ് നൽകിയതു്.

ഹിന്ദുസ്ഥാൻ ഫെർട്ടിലൈസർ കോർപ്പറേഷൻ.
ഇന്ത്യൻ അലൂമിനിയം കമ്പനിയുടെ ക്ലോർ-ആല്ക്കലി പ്ലാൻറ്.
സിമൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യ
ബിർളയുടെ പോളിയെസ്റ്റർ സ്റ്റേപ്പിൾ ഫൈബർ.
ഇൻഡോ-അസാഹി ഗ്ലാസ് വർക്ക്സ്.
ആർ. കെ. പോദ്ദാർ.
സൈക്ക കെമിക്കൽസ്.
ഇന്ത്യൻ ലെഡ്.

കൂട്ടത്തിൽ പറയട്ടെ; ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ ലിവർ, ഹിന്ദുസ്ഥാൻ ഫെർട്ടിലൈസർ കോർപ്പറേഷൻ എന്നിവ മലിനീകരണം തടയുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഇന്ത്യൻ ഓയിൽ കോർപ്പറേഷൻെറ റിഫൈനറിയിൽനിന്ന് പത്തു കി മീ അകലെയുള്ള പ്രദേശങ്ങളിൽപ്പോലും മണ്ണിൻെറ പി. എച്ച്. മൂല്യം മഴക്കാലത്തു തകരാറിലാവുകയും തത്ഫലമായി കൃഷി നശിക്കുകയും ചെയ്യുന്നുണ്ടത്രേ. ഹാൽദിയാ പ്രദേശത്തു് ശ്വാസകോശരോഗങ്ങളും അസ്ഥിവൈരൂപ്യവും വളരെ കൂടുതലാണ്. പലേടത്തും ആഴം കുറഞ്ഞ കുഴൽക്കിണറുകളിൽനിന്നു കിട്ടുന്ന വെള്ളത്തിൽപ്പോലും അമ്ലരസം കണ്ടുവരുന്നു.

ഹാൽദിയ പ്രദേശത്തിലെ മലിനീകരണത്തെപ്പററി സർക്കാർ നടത്തിയ ഒരു പഠനമാണ് ശ്രീ ബിശ്വാസിൻെറ ലേഖനത്തിനാധാരം.

കേരളത്തിൽ മാവൂർ, ആലുവ, കുട്ടനാട്, തിരുവനന്തപുരം എന്നീ പ്രദേശങ്ങളിലെ മലിനീകരണത്തെപ്പററി ആധികാരിക പഠനങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

22 മാർച്ച്, 1982

# 47. ഹിമാലയത്തിന് ഒരു സംരക്ഷകൻ

ആക്രമണങ്ങളിൽനിന്ന് എത്രയോ നൂററാണ്ടുകാലം ഇന്ത്യയ്ക്കു സംരക്ഷണം നൽകിപ്പോന്ന ഹിമാലയം ഏതാനും ദശാബ്ദങ്ങളായി നിരന്തരമായ ആക്രമണത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്.

കുറെ മുമ്പ് ചീനപ്പട ഹിമാലയദുർഗങ്ങൾ ഭേദിച്ച് ആസ്സാം സമതലംവരെ വന്നെത്തുകയുണ്ടായല്ലോ. വന്നപോലെ അവർ തിരിച്ചുപോവുകയും ചെയ്തു. ഇത്തരമൊരു സൈനികാക്രമണം ഇനി ഉണ്ടായില്ലെന്നു വരാം.

കാശ്മീരിൻെറ വലിയൊരു ഭാഗം പാകിസ്ഥാൻെറയും ചീനയുടെയും നിയന്ത്രണത്തിലാണ്. അന്താരാഷ്ട്രീയാതിർത്തിക്കുപകരം ഇവിടെയുള്ളതു് ഒരു യുദ്ധവിരാമ രേഖയാണ്. ഈ രേഖ ഏറെക്കുറെ ശാശ്വതീകരിക്കപ്പെടുമെന്നും, ഈ ഭാഗത്തു് ഇനിയുമൊരു യുദ്ധം ഉണ്ടാവുകയില്ലെന്നുമാണ് നമ്മുടെ പ്രതീക്ഷ.

ഹിമാലയത്തിനു് ഇന്നുള്ള ഭീഷണി, പുറത്തു നിന്നെന്നതിലേറെ

ഉള്ളിൽനിന്നാണ്. അകത്തുള്ള ശത്രുക്കളാണ് ഹിമാലയത്തെ മാരകമാം വിധം കാർന്നുകൊണ്ടിരിക്കുന്നത്.

സിന്ധു മുതൽ ബ്രഹ്മപുത്രവരെ 2410 കി.മീ. നീളമുള്ള ഹിമാലയത്തിന് ചിലേടങ്ങളിൽ 320 കി.മീ. വരെ വീതിയുണ്ട്. പേരു സൂചിപ്പിക്കുംപോലെ മഞ്ഞുമൂടി മരവിച്ചു കിടക്കുകയല്ല ഈ പ്രദേശമത്രയും. കൊടുമുടികളിലും, ശരാശരി 20,000 അടിയിലേറെ ഉയരമുള്ള വടക്കൻ പ്രദേശങ്ങളിലും മാത്രമേ നിത്യഹിമബാധയുള്ളു. 12,000 മുതൽ 15,000 വരെ അടി ഉയരമുള്ള മദ്ധ്യ ഹിമാലയ പ്രദേശങ്ങളിലും 3,000 മുതൽ 4,000 വരെ അടി ഉയരമുള്ള, ശിവാലിക് എന്നറിയപ്പെടുന്ന ദക്ഷിണ ഹിമാലയ പ്രദേശങ്ങളിലും ഉഷ്ണമേഖലാ മഴക്കാടുകൾ മുതൽ സൂചിയില ക്കാടുകളും ആൽപ്പൈൻ കുററിച്ചെടികളും വരെ വൈവിധ്യമാർന്ന സസ്യസമ്പത്തും ജന്തുസമ്പത്തും മനുഷ്യവാസവുമുണ്ട്.

ഈ സസ്യങ്ങളും, ജന്തുക്കളും, മനുഷ്യരും ഒരുപോലെ ആക്രമണത്തിനു വിധേയരായിക്കൊണ്ടിരിക്കുകയാണ്. ധനമോഹികളായ വനം കൺട്രാക്ടർമാരും കാടു കൈയേററക്കാരും, അവർക്കു കൂട്ടു നില്ക്കുന്ന ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയക്കാരും ചേർന്നാണ് ഈ ആക്രമണം സംഘടിപ്പിക്കുന്നത്.

ഹിമാലയ വനങ്ങൾ അനിയന്ത്രിതമാംവണ്ണം നശിപ്പിക്കുന്നതിനുള്ള സംഘടിത ശ്രമം മഹായുദ്ധകാലത്തു് ആരംഭിച്ചു. ഈ ശ്രമം സ്വതന്ത്ര ഭാരതത്തിൽ തളരുകയല്ല, വളരുകയാണ് ചെയ്തതു്. ഫലമോ? പച്ചത്തഴപ്പ് മൂടിക്കിടന്നിരുന്ന ഹിമാലയച്ചെരുവുകൾ ഒരു പുല്ലും കിളർക്കാത്ത തരിശു നിലങ്ങളായി.

പർവതങ്ങളിൽവെച്ച് താരതമ്യേന പ്രായം കുറവാണ് ഹിമാലയത്തിന്. ഹിമാലയം കിടക്കുന്ന പ്രദേശത്തു് മുമ്പു കടലായിരുന്നു. തെക്കേ ഇന്ത്യ അന്ന് മറെറാരു ഭൂഖണ്ഡമായിരുന്നു.

ഭൂമിക്കടിയിലെ അജ്ഞാതശക്തികളുടെ പ്രവർത്തനഫലമായി തെക്കേ ഇന്ത്യ യൂറേഷ്യൻ വൻകരയോടടുത്തു. ഈ ഞെക്കലിൽപ്പെട്ട് നടുക്കുള്ള പ്രദേശം തുറിച്ച് ഉയർന്നുണ്ടായതാണ് ഹിമാലയം. തുറിക്കൽ ഇപ്പോഴും തുടരുകയാണെന്ന് ഹിമാലയമേഖലയിലെ ഭൂകമ്പങ്ങൾ വിളിച്ചോതുന്നു.

തെന്നിന്ത്യയിലെ കരിങ്കല്ലുപോലെ ഉറപ്പുള്ളതല്ല ഹിമാലയപ്പാറകൾ. അവ പൊടിഞ്ഞും തകർന്നും കിടക്കുന്നു. മഴ പെയ്താൽ അവ ഉടനടൻ കുതിർന്ന് കുത്തിയൊലിച്ചു പോവും. ഹിമാലയത്തിന്റെ ചില പ്രദേശങ്ങളിൽ ധാരാളം മഴയുണ്ട്. ലോകത്തിലേററവുമധികം മഴയുള്ള പ്രദേശവും ഇവിടെയാണെന്നത്രേ പ്രസിദ്ധി.

ഹിമാലയത്തിൽ വളരെയധികം നദികളുണ്ട്. ആയിരത്താണ്ടുകളായി മല കരണ്ട് ഉണ്ടാക്കിയ അഗാധങ്ങളായ തലങ്ങളിലൂടെയാണിവ ഒഴുകുന്നതു്. അവയുടെ വക്കിൽ കുത്തനെ മലനിരകൾ നില്ക്കുന്നു. ലഘുവായ കാരണം മതി, ഇവ ഒന്നോടെ ഇടിഞ്ഞു തകർന്നു താഴെ വീഴാൻ.

കാടു വെട്ടിത്തെളിയിച്ചതിന്റെ ഫലമായി ഹിമാലയ മേഖലയിലുണ്ടായ മാററങ്ങൾ, ഖനിപ്രദേശങ്ങളിലുണ്ടാകുന്ന മാററങ്ങൾപോലെ, തികച്ചും വിനാശകരങ്ങളാണ്.

പരിസ്ഥിതി സന്തുലനത്തെപ്പററി ഒരു ധാരണയുമില്ലാതെ, താല്കാലിക ലാഭത്തിനുവേണ്ടി, ആസൂത്രണം കൂടാതെയും നിരന്തരമായും, ചൂഷണം ചെയ്തതിന്റെ ഫലമായി ഹിമാലയ ഭൂമി രോഗബാധിതമായി, അവശമായിത്തീർന്നിരിക്കുന്നു. എവിടെയും മരങ്ങൾ മുറിച്ചു നീക്കപ്പെടുന്നു. മലയിടിഞ്ഞ്, കൃഷിയിടങ്ങൾ നശിക്കുന്നു. ഭൂമിയിലെ നീരൊഴുക്കിനെയും ഇതു ബാധിക്കുന്നു. അരുവികൾ വററുന്നു. എത്ര കഴിച്ചാലും

വെള്ളം കിട്ടാതാവുന്നു. മൃഗങ്ങൾക്കും, പക്ഷികൾക്കും, ശലഭങ്ങൾക്കും കീടങ്ങൾക്കും എല്ലാം ജീവിതം ദുർവഹമായിത്തീരുന്നു.

അരനൂററാണ്ടു മുമ്പ് ഹിമാലയവാസികൾ പൊതുവെ സമ്പന്നരും അരോഗദൃഢഗാത്രരുമായിരുന്നു. അവർക്ക ധാരാളം പശുക്കളും അവയ്ക്കു ധാരാളം തീററയും ഉണ്ടായിരുന്നു. ഗിരിജനങ്ങളുടെ മുഖ്യമായ അഞ്ച് ആവശ്യങ്ങൾ — ഭക്ഷണം, കാലിത്തീററ, വിറക്, വളം, വസ്ത്രനാരുകൾ — വനങ്ങളിൽനിന്നു കിട്ടിവന്നു. ഗൃഹനിർമാണത്തിനുള്ള തടി സുലഭമായിരുന്നു. അണ്ടികൾ, തേൻ മുതലായ വന്യവിഭവങ്ങൾ അവർക്ക പരാശ്രയം കൂടാതെ ജീവിക്കാൻ കഴിവു നൽകി.

ഇന്ന് ഗിരിജനങ്ങളെപ്പോലെ ദരിദ്രരായി വേറെ അധികം ആളുകൾ ഉണ്ടാവില്ല. അവരിൽ ചെറുപ്പക്കാരെല്ലാം താഴെ നഗരങ്ങളിൽ കൂലിവേലയ്ക്കു പോകുന്നു. മിക്ക ഗ്രാമങ്ങളിലും വൃദ്ധരെയും സ്ത്രീകളെയും കുട്ടികളേയും മാത്രമേ കാണാൻ കഴിയൂ.

ഹിമാലയത്തിൽ ഇന്നു റോഡുകളുണ്ട് ട്രക്കുകളും, ബസ്സുകളും, അവയിൽ ഓടുന്നു. പക്ഷേ, വിറക് ശേഖരിക്കാൻ സ്ത്രീകൾ 30–40 കി.മീ. നടക്കണം. വെള്ളത്തിന് 2-3 കി.മീ യും. കഴിഞ്ഞ ദശകത്തിൽ അനിയന്ത്രിതമായ വന വിധ്വംസനത്തിനെതിരേ ഹിമാലയസാനുക്കളിലെ ഗ്രാമീണരെ, പ്രത്യേകിച്ച് സ്ത്രീകളെ സംഘടിപ്പിക്കുന്നതിൽ നേതൃത്വം വഹിച്ചതു് സുന്ദർലാൽ ബഹുഗുണ എന്ന ഗാന്ധിശിഷ്യനാണ്. ബഹുഗുണയും അനുയായികളും ചേർന്ന് ആസൂത്രണം ചെയ്ത 'ചിപ്കോ' സമരം വനസംരക്ഷണത്തിൻെറ പ്രാധാന്യം പൊതുജനദൃഷ്ടിയിൽ കൊണ്ടു വരുന്നതിനെങ്കിലും ഉപകരിച്ചിട്ടുണ്ട്.

'ചിപ്കോ' എന്ന വാക്കിന് 'ഒട്ടിപ്പിടിക്കുക' എന്ന് അർത്ഥം. സർക്കാർ നൽകിയ ലൈസൻസുമായി കൺട്രാക്ടർമാർ മരം വെട്ടാൻ വരുമ്പോൾ, സ്ത്രീകൾ മരങ്ങളെ ചുററി, അവയോടൊട്ടി നില്ക്കുന്നു. അതിനാൽ കൺട്രാക്ടർമാർക്ക് തങ്ങളുടെ വിധ്വംസനകർമം നടത്താൻ കഴിയാതെ പോവുന്നു.

തികച്ചും അഹിംസാത്മകമായിരുന്ന ചിപ്കോ സമരം ഒരു തുള്ളി ചോര ചിന്താതെ, വളരെ വലിയ ഉണർവുണ്ടാക്കാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞു. ഈ ഉണർവ് കാര്യാനുഗതമാക്കുകയാണ് ഇനി വേണ്ടതു്.

വനസംരക്ഷണത്തിൻെറ പ്രാധാന്യത്തെപ്പററി നാട്ടുകാരെ ബോധവാന്മാരാക്കാൻ ശ്രീ ബഹുഗുണയും നാലു സുഹൃത്തുക്കളും കാശ്മീരിൽനിന്നു കൊഹീമ വരെ നാലായിരം കിലോമീററർ നീണ്ട ഒരു പദയാത്രയിലേർപ്പെട്ടിരിക്കുകയാണ്, ഇപ്പോൾ.

ഗ്രാമങ്ങളിലേക്ക് ശാസ്ത്രത്തിൻെറ വെളിച്ചം എത്തിക്കുകയാണ് ഈ പദയാത്രയുടെ ലക്ഷ്യം. പൊതുജനങ്ങളുടേയും ഉദ്യോഗസ്ഥന്മാരുടേയും രാഷ്ട്രീയക്കാരുടേയും മനസ്സാക്ഷിയെ ഉണർത്തി, മരംവെട്ട് തടഞ്ഞാൽ മാത്രമേ, ഹിമാലയ പരിസ്ഥിതിയും ആ പ്രദേശത്തു വസിക്കുന്നവരുടെ ഭാവിയും ഭദ്രമാവൂ എന്ന് ശ്രീ ബഹുഗുണ വിശ്വസിക്കുന്നു.

അധിക ഭക്ഷ്യോല്പാദനം, കുടുംബാസൂത്രണം എന്നിവയ്ക്കു തുല്യമായ പ്രാധാന്യം വൃക്ഷ സംരക്ഷണത്തിനും നാം നൽകിയേ മതിയാവൂ.

ഒരു മരത്തിൻെറ സേവനത്തെ രൂപയായി കണക്കാക്കിയാൽ, എത്ര രൂപ വരും അതു്? ബനാറീസിൽ കഴിഞ്ഞ ആണ്ടിൽ ചേർന്ന ഇന്ത്യൻ സയൻസ് കോൺഗ്രസ്സിൽ സമർപ്പിച്ച ഒരു പ്രബന്ധത്തിൽ പറയുന്നു, 15,70 000രൂപയുടെസേവനം ഓരോ മരവും അതിൻെറ അമ്പതുവർഷത്തെ ആയുസ്സിൽ, മനുഷ്യനു നൽകുന്നുവെന്ന്. കണക്ക് ഇങ്ങനെയാണ്.

| | | | |
|---|---|---|---|
| 1. | കി.ഗ്രാമിനു് 5 രൂപ വീതം 50,000 കി. ഗ്രാം പ്രാണവായു | 2,50,000 | രൂപ |
| 2. | അന്തരീക്ഷ മലിനീകരണ നിയന്ത്രണം | 5,00,000 | ,, |
| 3. | വെള്ളം തടഞ്ഞുനിറുത്തി നീരാവിയാക്കി മാററുന്നതു വഴി | 3,00,000 | ,, |
| 4. | മണ്ണൊലിപ്പു തടയലും വളം നിർമാണവും | 2,50,000 | ,, |
| 5. | മൃഗങ്ങൾക്കും പക്ഷികൾക്കും താവളം നൽകുന്നതിനു പ്രതിഫലം | 2,50,000 | ,, |
| 6. | പ്രോട്ടീൻ | 20,000 | ,, |
| | ആകെ | 15,70,000 | ,, |

അടുത്ത 25 വർഷത്തേക്കു് കാടുവെട്ടുന്നതു് തികച്ചും നിരോധിക്കണമെന്നു് ബനാറീസ് ഇന്ത്യൻ സയൻസ് കോൺഗ്രസ് സമ്മേളനം ഇന്ത്യാ ഗവണ്മെൻറിനോടു ശുപാർശ ചെയ്യുകയുണ്ടായി. പരിസ്ഥിതി സന്തുലനം തകരാറിലാവുന്നിടത്തും മലയിടിച്ചിലിനു് സാധ്യതയുള്ള സ്ഥലങ്ങളിലും മരംവെട്ടു് സ്ഥിരമായി തടയുകതന്നെ വേണമെന്നു് അവർ പറഞ്ഞു.

മരംവെട്ടു തടഞ്ഞാൽ പോരാ, എങ്ങും പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കുകയും വേണം.

സയൻസ് കോൺഗ്രസ്സിന്റെ സാമൂഹ്യബന്ധസമിതിയുടെ ചില ശുപാർശകൾ താഴെ ചേർക്കുന്നു:

1. വനങ്ങൾ, നദികൾ, ഖനിജ വിഭവങ്ങൾ എന്നിവ ജനങ്ങളുടെ പൊതു സ്വത്താണു്. അവ കേന്ദ്ര നിയന്ത്രണത്തിലാക്കണം.

2. ഭക്ഷണം, കാലിത്തീററ, വിറകു്, വളം, വനോല്പന്നങ്ങൾ എന്നിവ സംബന്ധിച്ച നമ്മുടെ ആവശ്യങ്ങൾ നിറവേറുമാറു് മിശ്രവനങ്ങൾ ആവണം നാം നിർമിക്കുന്നതു്. ഒരേതരം മരം മാത്രം നട്ടു് വനമുണ്ടാക്കുന്ന രീതി നിരുത്സാഹപ്പെടുത്തണം.

3. 1952-ൽ പാർലമെൻറു് അംഗീകരിച്ച വനനയത്തിൽ, കുന്നിൻ പ്രദേശങ്ങളിൽ 60 ശതമാനം വനമാകണമെന്നു് നിർദേശിച്ചിട്ടുണ്ടു്. ഈ ലക്ഷ്യം കൈവരുംവരെ വ്യക്തികളോ സർക്കാരോ വനം മുറിച്ചുകൂടാ.

4. അടിസ്ഥാന ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രങ്ങൾ, കൃഷി, വൈദ്യം എന്നിവയുടെ സിലബസ്സിൽ പരിസ്ഥിതി സന്തുലനതത്ത്വങ്ങൾ ഉൾപ്പെടുത്തി പഠിപ്പിക്കണം.

പക്ഷേ, ഇതൊന്നും ഇനിയും നടപ്പിലായിട്ടില്ല.

പദയാത്രയ്ക്കിടയിൽ, ശ്രീനഗറിലെ ഒരു സ്കൂളിൽ ചെന്ന ശ്രീ ബഹുഗുണ കുട്ടികളോടു ചോദിച്ചു: 'കാട്ടിൽനിന്നു് നമുക്കു് എന്തു കിട്ടുന്നു?'

കുട്ടികൾ പറഞ്ഞു: 'വീടുണ്ടാക്കാനും വീട്ടുസാമാനങ്ങൾക്കും തടി; വ്യവസായത്തിനു് അസംസ്കൃത സാധനങ്ങൾ.'

അത്രയേ അവരെ പഠിപ്പിക്കുന്നുള്ളു. മുതിർന്ന വനംവകുപ്പുദ്യോഗസ്ഥരോടു ചോദിച്ചാലും കിട്ടുന്ന ഉത്തരം ഇതായിരിക്കും.

കുട്ടികൾ പറയേണ്ടിയിരുന്നതെന്താണു്?

'ജീവസന്ധാരണത്തിനു് അനുപേക്ഷണീയമായ പ്രാണവായു, വെള്ളം, മണ്ണു്, ഊർജം, ഭക്ഷണം, വസ്ത്രം, പാർപ്പിടം, ഔഷധം, കാലിത്തീററ, തണൽ' —അങ്ങനെ ഈ പട്ടിക നീളേണ്ടതായിരുന്നു.

ഈ വിദ്യാഭ്യാസം ഗ്രാമീണർക്കു നൽകുന്നതിനാണു് ശ്രീ ബഹുഗുണയും കൂട്ടരും 4000 കി.മീ. നീണ്ട പദയാത്ര നടത്തുന്നതു്. അവർ രാത്രിയിൽ ഗ്രാമങ്ങളിൽ തങ്ങുന്നു; യോഗങ്ങളിൽ സംസാരിക്കുന്നു; സ്ലൈഡുകൾ

കാട്ടുന്നു. പുലരുംവരെ ഈ പരിപാടി നീളുന്നു. ഗ്രാമീണ സ്ത്രീകൾ ഈ യോഗങ്ങളിൽ ആവേശത്തോടെ പങ്കെടുക്കുന്നു. ഗ്രാമസമ്പദ്‌വ്യവസ്ഥ താങ്ങിനിറുത്തുന്നതു് അവരാണു്. അവർ ഉണരുക എന്നതിനു് അർത്ഥം ഗ്രാമം ഉണരുക എന്നാണു്.

കാശ്മീരിൽനിന്നു പുറപ്പെട്ട ശ്രീ ബഹുഗുണയും സംഘവും ഉത്തർപ്രദേശിലെ നൈനിത്താലിലെത്തി വിശ്രമിക്കുകയാണു്. ഫെബ്രുവരിയിൽ അവർ തങ്ങളുടെ ജ്ഞാനയജ്ഞം വീണ്ടും ആരംഭിക്കും.

ഹിമാലയത്തിൽ പ്രസക്തമായതു് സഹ്യപർവതമേഖലയായ കേരളത്തിലും പ്രസക്തമാണു്. മലകളെ രക്ഷിച്ചാലേ കേരളത്തിനു രക്ഷയുള്ളു. മലകളെ രക്ഷിക്കാൻ നാം മരങ്ങളെ രക്ഷിക്കേണ്ടിയിരിക്കുന്നു.

ശ്രീ സുന്ദർലാൽ ബഹുഗുണയ്ക്കു് കേരളത്തിലും അനുയായികൾ ഉണ്ടാകട്ടെ!

9 ജനുവരി, 1982

# 48. ഗംഗ മരിക്കുകയാണോ?

വളരെ മുമ്പാണു്. കാത്രൂർ നീലകണ്ഠപ്പിള്ളയും ഞാനുംകൂടി കാശിക്കു പോയി. ഇരുണ്ടുകൂടുന്ന സന്ധ്യയ്ക്കു് വരണനദിമുതൽ അസി നദിയോളം ഗംഗയിലൂടെ ഞങ്ങൾ തോണിയിൽ സഞ്ചരിച്ചു. കറുത്ത ജലനിരപ്പിനു തൊട്ടുമീതെ, ഹരിശ്ചന്ദ്രഘട്ടിലെ ചിതകൾ, നിത്യമായ മരണത്തിനു മീതെ നശ്വരമായ ജീവിതംപോലെ, കത്തിക്കെടുന്നതു നോക്കിയിരുന്നു. ചീർത്തു നാറുന്ന ഒരു പശുവിന്റെ ശവം ഞങ്ങളുടെ തോണിയിൽ വന്നു മുട്ടിയപ്പോൾ കാത്രൂർസ്സാർ മൂക്കു പൊത്തി. തോണിക്കാരനോടു ഞാൻ ചോദിച്ചു: 'ഗംഗയെ മാതാവെന്നു വിളിക്കുന്ന നിങ്ങൾ അതിൽ ഈ ശവങ്ങൾ എങ്ങനെ വലിച്ചെറിയുന്നു?' ശുദ്ധമായ ഹിന്ദിയിൽ തോണിക്കാരൻ മറുപടി പറഞ്ഞു: 'ഗംഗാജി പതിതപാവനിയാണു്. പശുക്കൾക്കും വേണമല്ലോ ഗതികിട്ടുക. അതുകൊണ്ടു ഞങ്ങൾ ചത്ത ഗോമാതാക്കളെ ഗംഗാമാതാവിൽ സമർപ്പിക്കുന്നു.'

പതിതപാവനി. എന്ന ആ വാക്കു് ഇപ്പോഴും എന്റെ ഓർമയിൽ മുഴങ്ങുന്നുണ്ടു്.

വിന്ധ്യപർവതംമുതൽ ഹിമാലയപർവതംവരെയുള്ള വിശാലമായ ആര്യാവർത്ത സമതലം മുഴുവൻ ഗംഗാനദിയുടെ സംഭാവനയാണു്. ഗംഗയും, ഗംഗയുടെ പരശ്ശതം പോഷകനദികളുമാണു് ഈ ഭൂപ്രദേശത്തു ജീവിതം സാദ്ധ്യമാക്കിയിട്ടുള്ളതു്. രണ്ടായിരത്തഞ്ഞൂററി ഇരുപത്തഞ്ചു കിലോമീററർ നീളമുള്ള ഗംഗ അതിൽ പകുതിയിലേറെ ദൂരം ഉത്തരപ്രദേശിലും തുടർന്നു് ബീഹാറിലും ബംഗാളിലും ഒഴുകുന്നു. ഏഴു സ്റ്റേററുകളിലെ ഒമ്പതു ലക്ഷം ചതുരശ്ര കിലോമീററർ സ്ഥലത്തിനു് ഗംഗാജലം ഫലപുഷ്ടി നൽകുന്നു. യമുന, ശാരദ, സരയു, ഘാഗ്ര, ഗണ്ഡക്, ശോണം, സപ്തകോശി, ബ്രഹ്മപുത്ര എന്നീ ഗംഗയുടെ പോഷകനദികളോരോന്നും ഓരോ വലിയ ജലനിർഗമ വ്യവസ്ഥകളാണു്. ചംബൽ, വേത്രവതി മുതലായ എത്രയോ പോഷകനദികൾ യമുനയ്ക്കുമുണ്ടു്. ഗംഗാ കനാൽ, ശാരദാകനാൽ എന്നിവ ദക്ഷിണേന്ത്യയിലെ വലിയ പുഴകളേക്കാൾ കൂടുതൽ ദൈർഘ്യവും ജലപ്രവാഹവുമുള്ളവയാണു്. ജലസേചനത്തിനെന്നപോലെ വിദ്യുച്ഛക്തിയുൽപാദനത്തിനും ഇവ ഉപകരിക്കുന്നു. ആഭ്യന്തര ഗതാഗതത്തിനും വലിയ തോതിൽ നാം ഈ നദികളെയും തോടുകളെയും ആശ്ര